No.CEE/1717/2010/KEAM-2011/FC-MBBS-BDS/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**<u>വിജ്ഞാപനം</u>**

# 2011 ലെ MBBS/BDS കോഴ്സുകൾക്ക് സ്വാശ്രയ കോളേജുകളിൽ നടപ്പിലാക്കുന്ന ഫീസ് ഇളവ് സംബന്ധിച്ച്

2011 ൽ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തിയ അലോട്ട്മെന്റ് വഴി സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ MBBS/BDS കോഴ്സുകൾക്ക് അഡ്മിഷൻ നേടിയ BPL/കുറഞ്ഞ വാർഷിക കുടുംബ വരുമാനമുള്ളവർ, SEBC വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും ഏതാനും വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം ഫീസിളവ് ലഭിക്കുന്നതാണ്.

2011 ൽ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ അഡ്മിഷൻ നേടിയിട്ടുള്ളവരും പ്രവേശന പരീക്ഷയുടെ അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തവരുമായ വിദ്യാർത്ഥികൾ, ഈ ആനുകൂല്യം ആവശ്യമുള്ളപക്ഷം **2011 ഒക്ടോബർ 20-ാം തീയതി വൈകുന്നേരം 5 മണിക്ക് മുമ്പായി** വാർഷിക കുടുംബ വരുമാന സർട്ടിഫിക്കറ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കുമ്പോൾ വിദ്യാർത്ഥികളെ തിരിച്ചറിയുന്നതിലേക്കായി പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡിന്റെ പകർപ്പ് കൂടി ഉൾക്കൊള്ളിക്കേണ്ടതാണ്.

2011 ലെ പ്രവേശന പരീക്ഷയുടെ അപേക്ഷയോടൊപ്പം SEBC സംവരണം/മറ്റ് ആനുകൂല്യങ്ങൾക്ക് വേണ്ടി വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളിൽ നിന്നും പുതുതായി വരുമാന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

<u>കുറിപ്പ്</u>:- വരുമാന സർട്ടിഫിക്കറ്റുകളെല്ലാം റവന്യൂ അധികാരികളുടെ പരിശോധനയ്ക്ക് വിധേയമാക്കുകയും തെറ്റായ വരുമാന സർട്ടിഫിക്കറ്റ് നൽകി ഫീസാനുകൂല്യം നേടാൻ ശ്രമിക്കുന്നവർക്കെതിരെ യുക്തമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതുമാണ്.

കൂടുതൽ വിവരങ്ങൾക്ക് **0471 - 2339101, 2339102, 2339103, 2339104** എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
07.10.2011

**പ്രവേശന പരീക്ഷാ കമ്മീഷണർ**